മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

(സംഗ്രഹം)

2017 സി.ബി.സി.എസ്. ബി.എ മലയാളം പ്രോഗ്രാമിന്റെ ചില പാഠഭാഗങ്ങൾ 2018-19 അദ്ധ്യയന വർഷം മുതൽ ഒഴിവാക്കുന്നതിലേയ്ക്കായി നൽകിയ ശിപാർശകൾ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## അക്കാദമിക് എ 9 സെക്ഷൻ

സ.ഉ.നം. 4018/എസി.എ 9/3/ബി.എ മലയാളം/പാഠഭാഗം/2018 തീയതി, പി.ഡി ഹിൽസ്, 17.05.2018

പരാമർശം : (1) 12.02.2018-ന് കൂടിയ യു.ജി മലയാളം ബോർഡ് ഓഫ് സ്റ്റഡീസിന്റെ യോഗനടപടിക്കുറിപ്പ്

(2) 30.04.2018-ന് കൂടിയ അക്കാദമിക് കൗൺസിലിന്റെ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ യോഗനടപടിക്കുറിപ്പിലെ ഒ.എ.17 ഇനം നമ്പറായിട്ടുള്ള തീരുമാനം.

(3) 09.05.2018-ലെ ബഹു. വൈസ് ചാൻസിലറുടെ ഉത്തരവ്

## ഉത്തരവ്

പരാമർശം (1) പ്രകാരം, 12.02.2018-ന് കൂടിയ യു.ജി മലയാളം ബോർഡ് ഓഫ് സ്റ്റഡീസിന്റെ യോഗ നടപടിക്കുറിപ്പിൽ, 2017 സി.ബി.സി.എസ് ബി.എ മലയാളം പ്രോഗ്രാമിന്റെ ചില പാഠഭാഗങ്ങൾ 2018-19 അദ്ധ്യയന വർഷം മുതൽ ഒഴിവാക്കണമെന്ന് ശിപാർശ ചെയ്യുകയുണ്ടായി.

പരാമർശം (2) പ്രകാരം 30.04.2018-ന് കൂടിയ അക്കാദമിക് കൗൺസിലിന്റെ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ യോഗ തീരുമാനപ്രകാരം 12.02.2018-ന് കൂടിയ യു.ജി. മലയാളം ബോർഡ് ഓഫ് സ്റ്റഡീസിന്റെ യോഗനടപടിക്കുറിപ്പിൽ, 2017 സി.ബി.സി.എസ് ബി.എ മലയാളം പ്രോഗ്രാമിന്റെ ചില പാഠഭാഗങ്ങൾ 2018-19 അദ്ധ്യയന വർഷം മുതൽ ഒഴിവാക്കുന്നതിലേയ്ക്കായി നൽകിയ താഴെപ്പറയുന്ന തിരുത്തലുകൾ അംഗീകരിക്കുവാൻ ശിപാർശ ചെയ്യുന്നു.

1. ബി.എ മലയാളം, ഒന്നാം സെമസ്റ്ററിന്റെ 'നാടകവും സിനിമയും' എന്ന കോംപ്ലിമെന്ററി കോഴ്സിന് വിശദ പഠനത്തിനായി നിർദ്ദേശിച്ചിരിക്കുന്ന നാടകങ്ങളിൽ മോഡ്യൂൾ 1-ൽ നിന്ന് 'കർണ്ണഭാരവും' മോഡ്യൂൾ 2-ൽ നിന്നും 'മറിയാമ്മ നാടകവും' ഒഴിവാക്കുക.

2. ബി.എ മലയാളം മോഡൽ 2 പ്രോഗ്രാമിന്റെ രണ്ടാം സെമസ്റ്ററിലെ 'കോപ്പി എഡിറ്റിംഗ്' കോഴ്സിന് മോഡ്യൂൾ 1-ൽ വിശദപഠനത്തിന് നൽകിയിരിക്കുന്ന കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ച 'പുസ്തക നിർമ്മാണം' എന്ന പുസ്തകത്തിലെ 1,2,3 അദ്ധ്യായങ്ങൾ ഒഴിവാക്കുക.

3. ബി.എ മലയാളം അഞ്ചാം സെമസ്റ്ററിൽ 'ചെറുകഥ, നോവൽ' എന്ന കോഴ്സിൽ വിശദപഠനത്തിന് നൽകിയിരിക്കുന്ന നോവലുകൾ

I. സരസ്വതി വിജയം - പോത്തേരി കുഞ്ഞമ്പു

II. മിണ്ടാപ്പെണ്ണ് - ഉറൂബ്

III. ജിനശലഭങ്ങളുടെ വീട് - പി. സുരേന്ദ്രൻ

എന്നിവ സാമാന്യ പരിചയത്തിന് മാത്രമായി നിജപ്പെടുത്തുക.

പരാമർശം (2) പ്രകാരം മേൽ ശിപാർശകൾ അംഗീകരിക്കുന്നതിന് അക്കാദമിക് കൗൺസിലിന്റെ സ്റ്റാന്റിംഗ് കമ്മിറ്റി നൽകിയ ശിപാർശ മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 അദ്ധ്യായം 3 വകുപ്പ് 10 (17) പ്രകാരം അക്കാദമിക് കൗൺസിലിന്റെ അധികാരമുപയോഗപ്പെടുത്തി വൈസ് ചാൻസലർ അംഗീകരിച്ചു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്
ദിലീപ് കുമാർ ആർ
അസിസ്റ്റന്റ് രജിസ്ട്രാർ (അക്കാദമിക് III)
രജിസ്ട്രാർക്കുവേണ്ടി

പകർപ്പ്

1) യു.ജി. മലയാളം ബോർഡ് ഓഫ് സ്റ്റഡീസ് ചെയർപേഴ്സൺ
2) വി സി/ പി വി സി എന്നിവരുടെ പി എസ്
3) രജിസ്ട്രാർ/പരീക്ഷാകൺട്രോളർ എന്നിവരുടെ പി.എ
4) ജെ.ആർ 2/ഡി.ആർ 2/എ.ആർ 3 (അക്കാദമിക്)
5) ജെ.ആർ 1/ ഡി.ആർ 4/എ.ആർ 6/എ.ആർ 15/എ.ആർ 19 (പരീക്ഷാവിഭാഗം സി.ബി.സി.എസ്)
6) എ.സി.സി സെക്ഷൻ
7) കണ്ടന്റ് മാനേജ്മെന്റ് (സൈറ്റിൽ അപ്ലോഡ് ചെയ്യുന്നതിനുവേണ്ടി)
8) ഐ.ക്യു.എ.സി
9) സിസ്റ്റം മാനേജർ
10) സ്റ്റോക്ക് ഫയൽ/ ഫയൽ കോപ്പി

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ

ഫയൽ നമ്പർ: എസി.എ 9/3/ബി.എ മലയാളം/പാഠഭാഗം/2016

മഹാത്മാഗാന്ധി സർവ്വകലാശാല കോട്ടയം